"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 38 പ്രകാരം നെടുമങ്ങാട് മാസ്റ്റർപ്ലാൻ സാധൂകരിച്ച് ആക്റ്റിന്റെ വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.91/2022/LSGD തീയതി,തിരുവനന്തപുരം, 23-04-2022

പരാമർശം:-
1. സ.ഉ.(കൈ)നം.127/2019/തസ്വഭവ തീയതി 14/10/2019.
2. സ.ഉ.(കൈ)നം.119/2020/തസ്വഭവ തീയതി 12/08/2020.
3. 05/02/2022-ലെ നെടുമങ്ങാട് നഗരസഭ കൗൺസിലിന്റെ XI-ാം നമ്പർ തീരുമാനം.
4. 15/03/2022 തീയതിയിലെ നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ ടിപി1/പിസി1/2250/13 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 06/04/2022 തീയതിയിലെ ടിസിപിസിടിപി/1402/2020-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

നെടുമങ്ങാട് മാസ്റ്റർപ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതും ആയത് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് നഗരസഭ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് കരട് നെടുമങ്ങാട് മാസ്റ്റർപ്ലാനിന്മേലുള്ള പരാതികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ആക്റ്റിലെ 36(11)-ാം വകുപ്പ് പ്രകാരം 31/07/2020 വരെ ദീർഘിപ്പിച്ച് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(2) മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെയും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയും നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ നഗരസഭ കൗൺസിൽ അംഗീകരിക്കുകയും കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 സെക്ഷൻ 36(8) പ്രകാരം അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി പരാമർശം (3) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

(3) നെടുമങ്ങാട് മാസ്റ്റർപ്ലാനിന് അന്തിമ അംഗീകാരം ലഭിക്കുന്നതിനായി നഗരസഭ സമർപ്പിച്ചിട്ടുള്ള മാസ്റ്റർപ്ലാൻ റിപ്പോർട്ട്, മാപ്പ് എന്നിവ പരിശോധിച്ച്, സാങ്കേതിക ശിപാർശ സഹിതം പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെയും കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെയും സാഹചര്യത്തിൽ പ്രസിദ്ധീകൃത മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിന്റെ ഭാഗമായ നടപടികൾക്ക് ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള

സമയപരിധിയില്പണ്ടായ കാലതാമസം, കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(11), വകുപ്പ് 38 എന്നിവ പ്രകാരം സാധൂകരിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടെന്ന് അറിയിച്ചതോടൊപ്പം കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(8) പ്രകാരം നെടുമങ്ങാട് മാസ്റ്റർപ്ലാനിന് അന്തിമ അംഗീകാരം നൽകുന്നതിനും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 38 പ്രകാരം, പ്രസിദ്ധീകരിക്കപ്പെട്ടതും എന്നാൽ നിർണ്ണയിക്കപ്പെട്ട സമയപരിധിയ്ക്കുള്ളിൽ അനുമതി ലഭിക്കാത്തതുമായ മാസ്റ്റർപ്ലാനുകളുടെ സംഗതിയിൽ സർക്കാരിനു ആവശ്യമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തിയതിനുശേഷവും മുഖ്യനഗരാസൂത്രകനുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായും കൂടിയാലോചിച്ച് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മാസ്റ്റർപ്ലാനിൽ നടപടിയെടുക്കുന്നതിനും അനുമതി നൽകുന്നതിനും ആവശ്യപ്പെടാവുന്നതാണ്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെയും കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെയും സാഹചര്യത്തിൽ പ്രസിദ്ധീകൃത നെടുമങ്ങാട് മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായ കാലതാമസം കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 38 പ്രകാരം സാധൂകരിച്ച്, മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് മാസ്റ്റർപ്ലാനിന് ആക്റ്റിന്റെ വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം. (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, നെടുമങ്ങാട് നഗരസഭ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by M.k.pradeesh Kumar
Date: 23-04-2022 17:02:22
സെക്ഷൻ ഓഫീസർ